**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

---

**നക്ഷത്ര ചിഹ്നമിടാത്ത** **08.03.2018 - ൽ മറുപടിക്ക്.**
**ചോദ്യം നമ്പർ : 2043**

## സിഡ്കോ എം. ഡി ആയിരുന്ന സജി ബഷീറിനെതിരെ അന്വേഷണം

**......................**

| ചോദ്യം<br>ശ്രീ. ഇ. പി. ജയരാജൻ | മറുപടി<br>**ശ്രീ. എ. സി. മൊയ്തീൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).** |
|---|---|
| (എ) വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖല സ്ഥാപനമായ സിഡ്കോയുടെ മാനേജിങ് ഡയറക്ടറായിരുന്ന ശ്രീ. സജി ബഷീർ ഏതു മുതൽ ഏതു വരെ കാലയളവിലാണ് പ്രസ്തുത സ്ഥാപനത്തിലെ മാനേജിങ് ഡയറക്ടറായി സേവനം നടത്തിയത് ; | (എ) : 21/08/2006 മുതൽ 08/09/2015 വരെയുള്ള കാലയളവിലാണ് ശ്രീ. സജി ബഷീർ സിഡ്കോ മാനേജിങ് ഡയറക്ടറായി സേവനം നടത്തിയത്. |
| (ബി) ശ്രീ. സജി ബഷീർ സിഡ്കോയുടെ മാനേജിങ് ഡയറക്ടറായിരുന്ന കാലയളവിൽ നടന്ന എന്തെല്ലാം ക്രമക്കേടുകളിൽ അദ്ദേഹത്തിനെതിരെ അന്വേഷണം ആവശ്യപ്പെട്ട് വ്യവസായ വകുപ്പ് വിജിലൻസിനും പോലീസിനും പരാതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;<br><br>(സി) ഇതു സംബന്ധിച്ച് വ്യവസായ വകുപ്പ് ഏതെല്ലാം തീയതികളിൽ വിജിലൻസിന് പരാതികൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) & (സി) : ശ്രീ. സജി ബഷീർ സിഡ്കോയുടെ മാനേജിങ് ഡയറക്ടറായിരുന്ന കാലയളവിൽ നടന്ന ക്രമക്കേടുകളിൽ അദ്ദേഹത്തിനെതിരെ അന്വേഷണം ആവശ്യപ്പെട്ട് സിഡ്കോ മുഖേന തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് നൽകിയ പരാതികൾ താഴെപ്പറയുന്നു :<br>1. ഹോളോബ്രിക്സ് വിതരണത്തിനായി പി. ആർ. ആർ. ബ്രിക്സിന് 50 ലക്ഷം രൂപ നൽകിയത്.<br>2. കായംകുളം കായലിലെ മണൽ വിതരണം നടത്തുന്നതിനായി സുകൃതികിരൺ സോഫ്റ്റ് വെയർ ടെക്നോളജിക്ക് 70 ലക്ഷം രൂപ കൈമാറിയത്.<br>3. സബർമതി ഫുഡ് പ്രൊഡക്ട്സ് വിതരണവുമായി ബന്ധപ്പെട്ട് 17,72,635/- രൂപ അഡ്വാൻസ് നൽകിയത്.<br>4. പേക്ക്ഡ് ഡ്രിങ്കിങ് വാട്ടറും അനുബന്ധ ഉത്പന്നങ്ങളുടെയും |

| | | | |
|---|---|---|---|
| | | | വിതരണത്തിന് ഹെബ്രോൺ അക്വ ഫുഡിന് 1,99,96,672/- രൂപ അഡ്വാൻസ് നൽകിയത്.<br>5. കൽക്കട്ടയിൽ നിന്നും മണൽ ഇറക്കുമതി ചെയ്ത് വിതരണം നടത്തുന്നതിന് ലിങ്ക് ലാൻഡ് ട്രേഡേഴ്സിന് 2 കോടി രൂപ കൈമാറിയത്.<br>വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മുഖേന അന്വേഷണം നടന്നു വരുന്ന കേസുകൾ അനുബന്ധം -1 ആയി ചേർക്കുന്നു. |
| (ഡി) | ഇതിൽ എത്ര പരാതികളിൽ അന്വേഷണം പൂർത്തിയായിട്ടുണ്ടെന്നും ശ്രീ. സജി ബഷീർ നടത്തിയ ക്രമക്കേടുകൾ മുഖേന സിഡ്കോയ്ക്ക് എന്തുമാത്രം സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടെന്നും വിലയിരുത്തിയിട്ടുണ്ടോ ; | (ഡി) : | മുകളിൽ സൂചിപ്പിച്ചിട്ടുള്ള കേസുകളിൽ അന്വേഷണം പുരോഗമിക്കുകയാണ്.<br>ശ്രീ. സജി ബഷീർ നടത്തിയ ക്രമക്കേടുകൾ മുഖേന സിഡ്കോയ്ക്ക് 16.86 കോടി രൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുള്ളതായി ഇതുവരെ കണ്ടെത്തിയിട്ടുണ്ട്. |
| (ഇ) | ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഇ) : | വിശദവിവരം അനുബന്ധം -2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ.

[illegible] – I

| ക്രമ നമ്പർ | വിജിലൻസ് കേസ്/ അന്വേഷണ നമ്പർ | കുറ്റച്ചുരുക്കം | തൽസ്ഥിതി |
|---|---|---|---|
| 1 | വി.സി 2/17 SIU-I | 2009 മുതലുള്ള കാലയളവിൽ സിഡ്കോയിൽ നടത്തിയ അനധികൃത നിയമനങ്ങൾ സംബന്ധിച്ച്. | അന്വേഷണം നടന്നു വരുന്നു. |
| 2 | വി.സി 1/18 SIU-I | മാവേലിക്കര P.R.R ബ്രിക്സിൽ നിന്നും സിഡ്കോയ്ക്ക് സിമന്റ് ഇഷ്ടിക വിതരണം ചെയ്യുന്നതിന് വായ്പ നൽകിയതിലെ ക്രമക്കേട്. | അന്വേഷണം നടന്നു വരുന്നു |
| 3 | വി.സി 2/14/ SIU-II | ചേന്നംകുളം ടെലികോംസിറ്റി പ്രൊജക്ട് സൈറ്റിലെ മണൽ ഖനനവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച്. | അന്വേഷണം നടന്നു വരുന്നു |
| 4 | വി.സി 1/15/ PKD | പാലക്കാട് ഒലവക്കോട് സിഡ്കോ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഷെഡ്ഡുകൾ അനുവദിച്ചതിലെ ക്രമക്കേടുകൾ സംബന്ധിച്ച് | അന്വേഷണം നടന്നു വരുന്നു |
| 5 | വി.സി 4/16/SCT | അനധികൃതമായ സ്വത്ത് സമ്പാദനം സംബന്ധിച്ച്. | അന്വേഷണം നടന്നു വരുന്നു |
| 6 | വി.സി 28/16/TSR | KSIDC യിലെ അഴിമതി ആരോപണം സംബന്ധിച്ച്. | അന്വേഷണം നടന്നു വരുന്നു |
| 7 | വി.ഇ. 2/17 SIU-I | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്സിലെ സിമന്റ് വ്യാപാരത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച്. | അന്വേഷണം നടന്നു വരുന്നു |
| 8 | വി.ഇ. 3/17 SIU-I | എറണാകുളംജില്ലയിലെ കടവന്ത്രയിൽ ബിസിനസ്സ് സപ്പോർട്ട് ഹബ്ബ് രൂപീകരണവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച് | അന്വേഷണം നടന്നു വരുന്നു |
| 9 | ക്യു.വി 53/16 SIU-I | പൊതുമരാമത്ത് വകുപ്പിനു വേണ്ടി M/s SIDCO ബിറ്റുമിൻ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിലെ ക്രമക്കേട് സംബന്ധിച്ച് | അന്വേഷണം നടന്നു വരുന്നു |
| 10 | ക്യു.വി 66/16 SIU-I | M/s സുകൃതകിരൺ സോഫ്റ്റ് വെയർ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡുമായി മണൽക്കടത്ത് എഗ്രിമെന്റ് ഉണ്ടാക്കിയത് സംബന്ധിച്ച ആരോപണം | അന്വേഷണം നടന്നു വരുന്നു |
| 11 | ക്യു.വി 22/17 SIU-I | പത്തനംതിട്ട ജില്ലയിലെ മണിയാർഡാം ടൂറിസം പ്രൊജക്ട് വർക്കിലെ ക്രമക്കേടുകൾ സംബന്ധിച്ച്. | അന്വേഷണം നടന്നു വരുന്നു |
| 12 | ക്യു.വി 23/17 SIU-I | സിഡ്കോയുടെ മീനംകുളത്തെ 28 ഏക്കർ ഭൂമി നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റിന് വാടകയ്ക്ക് നൽകിയതിലെ ക്രമക്കേടുകൾ | അന്വേഷണം നടന്നു വരുന്നു |
| 13 | ക്യു.വി 24/17 SIU-I | Company Operated Commercial Outlet Scheme(COCO)-യിലെ | അന്വേഷണം |

| | | | |
|---|---|---|---|
| | | പ്രവർത്തനങ്ങളിലെ ക്രമക്കേട് | നടന്നു വരുന്നു |
| 14 | ക്യു.വി 25/17 SIU-I | ധനദുർവ്വിനിയോഗം – സംബന്ധിച്ച് | അന്വേഷണം നടന്നു വരുന്നു |
| 15 | ക്യു.വി 26/17 SIU-I | ഉത്തർപ്രദേശ് കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ലിമിറ്റഡിലേക്ക് ഡി-അലുമിനിയം ഫോസ്ഫേറ്റ് വിതരണം ചെയ്തതിലെ ക്രമക്കേട്-സംബന്ധിച്ച്. | അന്വേഷണം നടന്നു വരുന്നു |
| 16 | ക്യു.വി 27/17 SIU-I | 2012-13 , 2014-15 കാലഘട്ടങ്ങളിൽ ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയതിലെയും സിഡ്കോ-ഫെസ്റ്റ് നടത്തിയതിലേയും ക്രമക്കേടുകൾ-സംബന്ധിച്ച്. | അന്വേഷണം നടന്നു വരുന്നു |
| 17 | ക്യു.വി 28/17 SIU-I | M/s Solar Off-set Printers Private Limited -മായി നടത്തിയ കൂട്ടുകച്ചവടത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് | അന്വേഷണം നടന്നു വരുന്നു |
| 18 | ക്യു.വി 29/17 SIU-I | Kerala State Costal Area Development Corporation Limited ന് സോളാർ ഉപകരണങ്ങൾ വിതരണം ചെയ്തതിലെ ക്രമക്കേടുകൾ | അന്വേഷണം നടന്നു വരുന്നു |
| 19 | ക്യു.വി 30/17 SIU-I | LED Light ഉത്പന്നങ്ങളുടെ വിപണനത്തിലെ ക്രമക്കേടുകൾ -സംബന്ധിച്ച് | അന്വേഷണം നടന്നു വരുന്നു |
| 20 | ക്യു.വി 31/17 SIU-I | ഹയർസെക്കൻഡറി വിദ്യാഭ്യാസവകുപ്പിലേക്ക് ലബോറട്ടറി ഉപകരണങ്ങൾ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട പിഴ അടച്ചതിലെ ക്രമക്കേടുകൾ സംബന്ധിച്ച്. | അന്വേഷണം നടന്നു വരുന്നു |
| 21 | ക്യു.വി 32/17 SIU-I | ഊരകം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് ഭൂമി നൽകിയതിലെ ക്രമക്കേടുകൾ | അന്വേഷണം നടന്നു വരുന്നു |
| 22 | ക്യു.വി 33/17 SIU-I | Sheinduemy Eco Tourism Project ന് ബോട്ട് വിതരണം ചെയ്തതിലെ ക്രമക്കേടുകൾ സംബന്ധിച്ച് | അന്വേഷണം നടന്നു വരുന്നു |
| 23 | ക്യു.വി 34/17 SIU-I | സ്വകാര്യ വ്യക്തിക്ക് കോൺട്രാക്ട് നൽകിയതിലെ ക്രമക്കേട് സംബന്ധിച്ച് | അന്വേഷണം നടന്നു വരുന്നു |
| 24 | ക്യു.വി 35/17 SIU-I | അവിദഗ്ധ തൊഴിലാളികളേയും താല്കാലിക ജീവനക്കാരേയും നിയമിച്ചതിലെ ക്രമക്കേടുകൾ | അന്വേഷണം നടന്നു വരുന്നു |
| 25 | ക്യു.വി 36/17 SIU-I | Mobilization Advance നൽകിയതിലെ ക്രമക്കേടുകൾ സംബന്ധിച്ച് | അന്വേഷണം നടന്നു വരുന്നു |
| 26 | ക്യു.വി 37/17 SIU-I | കാക്കനാട് ഇൻഡസ്ട്രിയൽ കോംപ്ലക്സ് നിർമ്മാണത്തിലെ ക്രമക്കേടുകൾ മുതലായവ സംബന്ധിച്ച് | അന്വേഷണം നടന്നു വരുന്നു |

| | | | |
|---|---|---|---|
| 27 | ക്യൂ.വി 38/17 SIU-I | എസ്.സി/എസ്.ടി വകുപ്പിനുവേണ്ടി വികസന പ്രവർത്തനങ്ങൾ നടത്തിയതിലെ ക്രമക്കേടുകൾ സംബന്ധിച്ച്. | അന്വേഷണം നടന്നു വരുന്നു |
| 28 | ക്യൂ.വി 39/17 SIU-I | തിരുവനന്തപുരം സുവോളജിക്കൽ ഗാർഡനിൽ വേലിനിർമ്മിച്ചതിലെ ക്രമക്കേടുകൾ മുതലായവ സംബന്ധിച്ച് | അന്വേഷണം നടന്നു വരുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം II

<u>സാമ്പത്തിക ബാദ്ധ്യതകളുടെ വിവരങ്ങൾ</u>

I. മേനംകുളം മണലിടപാടിൽ QV പൂർത്തിയാക്കി FIR ഫയൽ ചെയ്തിരിക്കുകയാണ്. എ.ജി കണക്കുകൂട്ടിയതനുസരിച്ച് 5.19 കോടി രൂപയുടെ മണൽ അധികമായി എടുത്തതായി കണ്ടെത്തിയിട്ടുണ്ട്.

II. ട്രേഡിംഗ് ഡിവിഷന്റെ കീഴിൽ പുതുതായി ആരംഭിച്ച ബിസിനസ്സുകൾ നടക്കാതെ എഗ്രിമെന്റ് വ്യവസ്ഥയ്ക്ക് വിരുദ്ധമായി അഡ്വാൻസ് നൽകിയ വകയിൽ തിരികെ ലഭിക്കുവാനുള്ള തുകകൾ താഴെ പറയും പ്രകാരമാണ്. പലിശ ഉൾപ്പെടുത്തിയിട്ടില്ല.

| Name of Party and Trading Activity | ബിസ്സിനസ്സ് നടന്ന വിവരം | അഡ്വാൻസ് നൽകിയതുമൂലം സംഭവിച്ച നഷ്ടം. |
|---|---|---|
| **P.R.R. Bricks**<br>ഹോളോബ്രിക്സ് വിതരണം | ഒരു ബിൽ മാത്രം ചെയ്തിട്ടുണ്ട്. | 0.5 കോടി |
| **Sukrithakiran Software Technologies.**<br>കായംകുളം കായലിലെ മണൽ ഡ്രഡ്ജ് ചെയ്ത് വിതരണം നടത്തുന്നത് | ബിസ്സിനസ്സ് നടന്നിട്ടില്ല. | 0.7 കോടി |
| **Link Land Traders**<br>കൽക്കട്ടയിൽ നിന്നും മണൽ ഇറക്കുമതി ചെയ്ത് വിതരണം നടത്തുന്നത് | ബിസ്സിനസ്സ് നടന്നിട്ടില്ല | 2 കോടി |
| **Hebron Aqua Food**<br>പേക്കഡ് ഡ്രിങ്കിംഗ് വാട്ടറും അനുബന്ധ ഉത്പന്നങ്ങളുടേയും വിതരണം | ബിസ്സിനസ്സ് നടന്നിരുന്നു. | 1.99 കോടി. |
| **Sabarmathy Food Products**<br>സബർമതി ഫുഡ് പ്രോഡക്ട്സ് വിതരണം | ബിസ്സിനസ്സ് നടന്നിരുന്നു | 0.18 കോടി |
| **Sales & Projects Division** | | |
| **Indigo Life Style**<br>ഫർണീച്ചർ ഇറക്കുമതി ചെയ്ത് വിതരണം നടത്തുന്നത്. | ഭാഗികമായി മാത്രം നടന്നു. | 0.56 കോടി |
| **Consultancy Division** | | |
| **SM Structures**<br>കൺസൾട്ടൻസി വർക്ക് | നടന്നിട്ടില്ല | 0.01 കോടി |
| **Marketing Division** | | |
| **SM Structures**<br>മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് | -- | 0.16 കോടി |
| **Bio Fertilizer Division** | | |
| **El-joun**<br>DAP-Uttar Pradesh Co-operative Federation-ൽ നിന്നും ഡൈ അമോണിയം ഫോസ്ഫേറ്റ് ഇറക്കുമതി ചെയ്യുന്നത് സംബന്ധിച്ച് | നടന്നിട്ടില്ല | 3 കോടി |
| **Total** | | **9.10 കോടി** |

III. എ.ജി.യുടെ പരാമർശത്തിൽ ആവശ്യത്തിലധികം ജീവനക്കാരെ നിയമിച്ചതിൽ സിഡ്കോയ്ക്ക് സ്പെറ്റംബർ 2015 മുതൽ മാർച്ച് 2016 വരെ 0.17 കോടി രൂപയും 403 താൽക്കാലിക ജീവനക്കാരെ നിയമച്ചതിൽ 2.40 കോടി രൂപ അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടായെന്നും പറഞ്ഞിട്ടുണ്ട്.

**ആകെ ബാദ്ധ്യത = 5.19 + 9.10 + 0.17 + 2.40 = <u>16.86 കോടി</u>**

സെക്ഷൻ ഓഫീസർ